**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2102** **30-09-2025 - ൽ മറുപടിയ്ക്ക്**

**കോവളം - ബേക്കൽ വെസ്റ്റ് കോസ്റ്റ് ജലപാത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | കോവളം - ബേക്കൽ വെസ്റ്റ് കോസ്റ്റ് ജലപാതയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ ; ഏത് സ്ഥാപനമാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്; നിർദിഷ്ട ജലപാതയുടെ ആകെ നീളം എത്ര കിലോമീറ്ററാണ്; ഈ പദ്ധതിക്ക് എത്ര രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്; നാളിതുവരെ എത്ര തുക ചെലവഴിച്ചു; എത്ര കിലോമീറ്റർ ജലപാതയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്; വിശദാംശം ഇനം തിരിച്ച് ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് തെക്ക് കോവളം മുതൽ വടക്ക് ബേക്കൽ വരെ 616 കി.മീ നീളത്തിൽ വിഭാവനം ചെയ്തിട്ടുള്ള കോവളം - ബേക്കൽ പശ്ചിമതീര കനാൽ (വെസ്റ്റ്കോസ്റ്റ് കനാൽ)-ന്റെ കോവളം മുതൽ കൊല്ലം വരെയും കോഴിക്കോട് മുതൽ ബേക്കൽ വരെയും സംസ്ഥാന ജലപാതയും കൊല്ലം മുതൽ കോഴിക്കോട് വരെ ദേശീയജലപാതയുമാണ്. ഉൾനാടൻ ജലപാത വികസന പ്രവൃത്തികൾക്കായി രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ കേരള വാട്ടർ വേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (ക്വിൽ), ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് എന്നിവ സംയുക്തമായാണ് ജലപാതാ വികസനം നടപ്പിലാക്കി വരുന്നത്.<br><br>പശ്ചിമതീരകനാലിന്റെ വികസനം 3 ഘട്ടങ്ങളിലായാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഒന്നാം ഘട്ടത്തിൽ 520 കി.മീ. ദൂരത്തിൽ കനാലുകൾ നിലവിലുള്ള ആഴത്തിലും വീതിയിലും ശുദ്ധീകരിച്ച് പൂർത്തിയാക്കിയിട്ടുണ്ട്.<br><br>ഇപ്പോൾ നടന്നു വരുന്ന രണ്ടാം ഘട്ടത്തിൽ ഏകദേശം 85 കി.മീ. ദൂരത്തിൽ വിവിധ ഇടങ്ങളിലായുള്ള കനാലുകൾ വടകര- മാഹി കനാലുകൾ ഉൾപ്പെടെ, വികസിപ്പിക്കുന്നതിനും, ജലപാത നിലവാരത്തിനാവശ്യമായ വീതിയിൽ കനാൽ നിർമ്മിക്കുന്നതിന് ഭൂമി ഏറ്റെടുക്കുന്നതിനും, കനാലുകൾക്ക് കുറുകെ പാലങ്ങൾ പുനർനിർമ്മിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിരവധി ലോക്ക് കം ബ്രിഡ്ജ്കളുടെ നിർമ്മാണവും അതോടൊപ്പം നടന്നുവരുന്നു.<br><br>മൂന്നാം ഘട്ടത്തിൽ വിവിധയിടങ്ങളിലായി 61 കി.മീ. ദൂരത്തിലുള്ള കനാലുകൾ "കോഴിക്കോട് കനാൽ സിറ്റി |

പ്രോജക്ട്" ഉൾപ്പെടെ, പൂർത്തീകരിക്കുകയും, പശ്ചിമതീര കനാലുകളുടെ ടെർമിനലുകളുടെ നിർമ്മാണവും ഫീഡർ കനാലുകളുടെ വികസനവും നടപ്പിലാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

പദ്ധതിയ്ക്കായി ഏകദേശം 6500 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

കോവളം - വർക്കല ഭാഗത്തെ കനാൽ വികസനത്തിന്റെ ഭാഗമായി 1500 ഓളം കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന്റെ പ്രാഥമിക ചെലവിലേക്ക് 247.2 കോടി രൂപയും, കോവളം ആക്കുളം ഭാഗത്തെ 16കി.മീ വികസന പ്രവൃത്തികൾക്ക് 183 കോടി രൂപയും കിഫ്ബി ധനസഹായം അനുവദിച്ചിട്ടുണ്ട്. കോഴിക്കോട് വെസ്റ്റ് കോസ്റ്റ് കനാലിന്റെ ഭാഗമായ കനോലി കനാലിനെ ജലപാത നിലവാരത്തിൽ വികസിപ്പിക്കുന്നതിനായുള്ള 1118 കോടി രൂപയുടെ കനാൽ സിറ്റി പദ്ധതി കിഫ്ബി ധനസഹായത്തോടുകൂടി നടപ്പാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

മാഹി വളപട്ടണം ഭാഗത്തെ മൂന്ന് റീച്ചുകളിലായി ഭൂമി ഏറ്റെടുക്കുന്നതിന് 650 കോടി രൂപയുടെ കിഫ്ബി ധനസഹായത്തിന് അനുമതി നൽകിയിട്ടുണ്ട്.

നീലേശ്വരം ബേക്കൽ ഭാഗത്ത് 6.5 കി.മീ ദൂരം പുതിയതായി കനാൽ നിർമ്മിക്കുന്നതിനായി കിഫ്ബി മുഖേന 189 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

കോവളം മുതൽ കൊല്ലം വരെയുള്ള സംസ്ഥാന ജലപാത ക്ലാസ്സ്-**3** നിലവാരത്തിലേയ്ക്ക് വികസിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഇതിൽ കോവളം മുതൽ അഷ്ടമുടി കായൽ മൗത്ത് വരെയുള്ള **(74.18** കി.മീ.**)** ഭാഗത്തെ **51** കി.മീ. ഗതാഗതയോഗ്യമാണ്.

കൊല്ലം മുതൽ കോട്ടപ്പുറം വരെ 168 കി.മീ ദൈർഘ്യം ഉള്ള ജലപാത ദേശീയ ജലപാത-3 ആയി ആദ്യം പ്രഖ്യാപിക്കപ്പെട്ടിരുന്നതും പിന്നീട് അതിനെ കോട്ടപ്പുറം മുതൽ കോഴിക്കോട് വരെ (160 കി.മീ.) ദീർഘിപ്പിച്ചിട്ടുമുണ്ട്. ഇതിൽ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ. ദൈർഘ്യം ദേശീയ ജലപാതാ നിലവാരത്തിൽ ഗതാഗത യോഗ്യമാക്കിയിട്ടുണ്ടെങ്കിലും കൊല്ലം ജില്ലയിലെ ചവറ കോവിൽത്തോട്ടത്ത് ഒരു നടപ്പാലവും, ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴയിൽ ഒരു നാവിഗേഷൻ ലോക്ക് കം ബ്രിഡ്ജും പുനർ നിർമ്മിക്കേണ്ടതുണ്ട്. നാവിഗേഷൻ ലോക്കിന്റെ നിർമ്മാണം ഉൾനാടൻ ജലഗതാഗത വകുപ്പ്

ഏറ്റെടുത്ത് നടത്തി വരുന്നുണ്ട്. ചവറ കോവിൽത്തോട്ടത്ത് പാലം നിർമ്മാണത്തിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു. ദേശീയ ജലപാതയിലെ നിർമ്മാണ പ്രവർത്തനങ്ങൾ ദേശീയ ജലപാത അതോറിറ്റിയുടെ (IWAI) അധീനതയിലാണ് നടപ്പാക്കുന്നത്. ദേശീയ ജലപാത – 3 -ന്റെ കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള 160 കി.മീ. ദൂരം ദേശീയ ജലപാത നിലവാരത്തിലേയ്ക്ക് വികസിപ്പിക്കുന്നതിനായി വിശദമായ പദ്ധതി രേഖ (ഡി.പി.ആർ) ദേശീയ ജലപാത അതോറിറ്റി (IWAI) തയ്യാറാക്കിയിട്ടുണ്ടെങ്കിലും അതിന് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭ്യമായിട്ടില്ല. മലപ്പുറം ജില്ലയിലൂടെ കടന്ന് പോകുന്ന ജലപാതയുടെ പൊന്നാനി ചേറ്റുവ കനാലിന്റെ തുടക്കഭാഗമായ വെളിയംകോട് ഭാഗത്ത് നബാർഡിന്റെ ധനസഹായത്തോടെ ഒരു നാവിഗേഷൻ ലോക്ക് കം ബ്രിഡ്ജ് നിർമ്മാണത്തിനായുള്ള നടപടികൾ ഉൾനാടൻ ജലഗതാഗത വകുപ്പ് സ്വീകരിച്ച് വരുന്നുണ്ട്.

കോഴിക്കോട് സിറ്റിയിൽ കൂടി കടന്ന് പോകുന്ന ജലപാതയുടെ ഭാഗമായ 11.2 കി.മീ. ദൈർഘ്യമുള്ള കനോലി കനാൽ ജലപാതാ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായുള്ള വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്.

വടകര മുതൽ മാഹി വരെ വരുന്ന 17.61 കി.മീ. ദൂരത്തിൽ 13.38 കി.മീ. ദൂരം കനാൽ ജലഗതാഗതയോഗ്യമായിട്ടുണ്ട്. ഒന്നാം റീച്ചിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ഏകദേശം പൂർത്തിയായി വരുന്നു. ഈ പാതയിൽ വരുന്ന മൂഴിക്കൽ ലോക്കിന്റെയും അപ്രോച്ച് റോഡിന്റെയും കരിങ്ങാലിമുക്ക് ലോക്കിന്റെയും നിർമ്മാണ പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്. വെങ്ങോലി ലോക്കിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു.

മാഹി - വളപട്ടണം ഭാഗത്ത് ഏകദേശം 26 കിലോമീറ്റർ ദൂരം വരുന്ന കനാൽ നിർമ്മാണ പ്രവൃത്തിയ്ക്കായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. തലശ്ശേരി, ധർമ്മടം എന്നീ പുഴകളെ വികസിപ്പിച്ച് ദേശീയ ജലപാത ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. വളപട്ടണം, കുപ്പം പുഴകളെ വികസിപ്പിച്ച് നിർദിഷ്ട ജലപാതയുമായി ബന്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

| | | | |
|---|---|---|---|
| | | | കാസർകോട് ജില്ലയിൽ കൊറ്റി മുതൽ നീലേശ്വരം - കോട്ടപ്പുറം വരെ 22.63 കിമീ. ജലപാത ഗതാഗത യോഗ്യമാണ്. നീലേശ്വരം - കോട്ടപ്പുറം മുതൽ ബേക്കലിന് സമീപം ചിത്താരി വരെ (21.92 കി.മീ) നീട്ടുന്നതിനുള്ള പദ്ധതി തയ്യാറായിട്ടുണ്ട്. ഇതിൽ 6.5 കി.മീ ദൂരത്തിൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| (ബി) | ജലപാതയുടെ നിർമ്മാണം എന്തുകൊണ്ടാണ് സമയത്തിന് പൂർത്തിയാക്കാൻ കഴിയാത്തതെന്ന് വ്യക്തമാക്കാമോ; | (ബി) | ജലപാത വികസനത്തിന്റെ ഭാഗമായി കനാൽ പുറമ്പോക്കിൽ താമസിക്കുന്നവരുടെ പുനരധിവാസത്തിന് സർക്കാർ നടപടി സ്വീകരിക്കുന്നുണ്ട്. ഈ പുനരധിവാസ നടപടികൾ പൂർത്തിയാക്കുന്നതിന് കൂടുതൽ സമയം ആവശ്യമായി വരുന്നതും കനാൽ വികസനത്തിന് ആവശ്യമായ സ്ഥലമേറ്റെടുപ്പിന് നിയമപരമായ നടപടികൾ പൂർത്തിയാക്കുന്നതിന് വേണ്ടി വരുന്ന സമയപരിധിയും ജലപാത വികസന പ്രവർത്തനങ്ങളുടെ പുരോഗതി വൈകുവാൻ കാരണമാകുന്നുണ്ട്. |
| (സി) | കേരളത്തിന്റെ ടൂറിസം സാധ്യതകൾ വർദ്ധിപ്പിക്കുന്ന പ്രസ്തുത പദ്ധതി വേഗത്തിൽ പൂർത്തിയാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകാമോ? | (സി) | കോവളം മുതൽ ബേക്കൽ വരെയുള്ള ജലപാത നിർമ്മാണത്തിന്റെ ഒന്നാം ഘട്ടത്തിൽ 520 കി.മീ ദൂരത്തിൽ കനാലുകൾ നിലവിലുള്ള ആഴത്തിലും വീതിയിലും ശുദ്ധീകരിച്ച് പൂർത്തിയാക്കിയിട്ടുണ്ട്. രണ്ടാംഘട്ട വികസനത്തിന്റെ ഭാഗമായി നിശ്ചിത മാനദണ്ഡ പ്രകാരം തിരുവനന്തപുരം ജില്ലയിലെ ആക്കുളം മുതൽ തൃശ്ശൂർ ജില്ലയിലെ ചേറ്റുവ വരെയുള്ള ജലപാത വികസന പ്രവൃത്തികൾ 95% പൂർത്തീകരിച്ചിട്ടുണ്ട്, 2025ഡിസംബർ മാസത്തോട് കൂടി പൂർണ്ണമായും പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തുവാനാണ് ലക്ഷ്യമിടുന്നത്. ജലപാത വികസനത്തിന് ആവശ്യമായ സ്ഥലമേറ്റെടുപ്പിന് നിയമപരമായി ഉണ്ടാകുന്ന കാലതാമസവും കനാൽ പുറമ്പോക്കിൽ താമസിക്കുന്നവരുടെ പുനരധി വാസ നടപടികൾ പൂർത്തിയാക്കേണ്ടതുള്ളതിനാലുമാണ് ജലപാത വികസന പ്രവർത്തനങ്ങളുടെ വേഗം കുറയുന്നത്. എന്നിരുന്നാലും സ്ഥലംമേറ്റെടുപ്പ് ആവശ്യമായി വരുന്ന കോവളം - ആക്കുളം ഭാഗം, കോട്ടപ്പുറം - കല്ലായി ഭാഗം, കോഴിക്കോട് കനാൽ സിറ്റി ഭാഗം, മാഹി - വളപട്ടണം, നീലേശ്വരം - ബേക്കൽ എന്നീ റീച്ചുകൾ ഒഴികെ 2026 ഡിസംബർ മാസത്തോട് കൂടി ജലപാത പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ